**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4292** **09-08-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ കാരണങ്ങളാലുള്ള ട്രാൻസ്ഫർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചുവർഷം എംപ്ലോയ്മെന്റ് വകുപ്പിൽ പൊതുമാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി എത്ര ഉദ്യോഗസ്ഥർക്ക് ആരോഗ്യ കാരണങ്ങളാൽ ട്രാൻസ്ഫർ നൽകിയിട്ടുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര് വിവരം വെളിപ്പെടുത്താമോ; | (എ) | എംപ്ലോയ്മെന്റ് വകുപ്പിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പൊതു മാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം വ്യവസ്ഥകളും ഉത്തരവുകളും അനുസരിച്ചാണ് പ്രസ്തുത ട്രാൻസ്ഫറുകൾ നൽകിയിട്ടുള്ളത്; | (ബി) | എംപ്ലോയ്മെന്റ് വകുപ്പിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പൊതു മാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല. |
| (സി) | മെഡിക്കൽ ഗ്രൗണ്ടിൽ ട്രാൻസ്ഫർ നൽകുവാനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്; വ്യക്തമാക്കാമോ; മേൽപ്പറഞ്ഞ കാലയളവിൽ നൽകിയിട്ടുള്ള ട്രാൻസ്ഫറുകൾ പുന:പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പുന:പരിശോധിയ്ക്കാമോ എന്നും ആയതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (സി) | അതാത് തസ്തികകളുടെ നിയമനാധികാരികൾക്കാണ് സ്ഥലംമാറ്റം അനുവദിക്കാനുള്ള അധികാരം നിക്ഷിപ്തമായിട്ടുള്ളത്. എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ മുതൽ ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ വരെയുള്ള തസ്തികകളിൽ സർക്കാരും എംപ്ലോയ്മെന്റ് ഓഫീസർ മുതൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ വരെയുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് ഡയറക്ടറും, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയിൽ എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടറുമാണ് നിയമനാധികാരികൾ. ബാക്കിയുള്ള മറ്റെല്ലാ തസ്തികകളിലും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ് നിയമനാധികാരി . വകുപ്പിൽ പൊതുമാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ